## 4. ഇസ്‌ലാമിക ചരിത്രം: ഒരു വിഹഗവീക്ഷണം

സമ്പന്നമായ ചരിത്രമുള്ള ഒരു ജനതയാണ് ഇസ്‌ലാമിക സമൂഹം. ഇതര സമൂഹങ്ങളുടെയും അവരുടെ ആചാര്യന്മാരുടെയും പൂർവകാല ചരിത്രം പലപ്പോഴും പുരാവൃത്തങ്ങളും കെട്ടുകഥകളും ഇതിഹാസങ്ങളും കൊണ്ട് നിറഞ്ഞതായി കാണാം. അതിശയോക്തി കലർന്ന അതിവർണനകളും അയുക്തികതയുമാണ് അവയുടെയെല്ലാം മുഖ്യ സവിശേഷത. എന്നാൽ ഇസ്‌ലാമിക സമൂഹം ആരംഭം മുതൽ ഇന്നോളം ചരിത്രത്തിന്റെ കൺവെട്ടത്താണുള്ളത്. ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രം ആരംഭിക്കുന്നത് തന്നെ ഖുർആൻ എന്ന അതിന്റെ ആധികാരികവും വസ്തുനിഷ്ഠവുമായ രേഖയോടൊപ്പമാണ്. അതുകൊണ്ടാണ് ഇസ്‌ലാമിക ചരിത്രത്തിന്റെ പ്രഥമ സ്രോതസ്സ് ഖുർആനായിത്തീരുന്നത്. ഇസ്‌ലാമിന്റെ പ്രബോധകനായ മുഹമ്മദ്നബിയുടെ ജീവിതം സകല സൂക്ഷ്മാംശങ്ങളോടും കൂടി കൃത്യമായി രേഖപ്പെടുത്തിയ ഹദീഥുകളുടെ സാന്നിധ്യവും ഇസ്‌ലാമിക ചരിത്രത്തെ ഇതിഹാസമായി മാറുന്നതിൽനിന്ന് തടയുന്നു. ഖുർആനും ഹദീഥും പകർന്നു നല്കിയ ചരിത്രബോധം ഉൾക്കൊണ്ട മുസ്‌ലിംകൾ എല്ലാ കാലത്തും തങ്ങളുടെ ചരിത്രം രേഖപ്പെടുത്താൻ കാണിച്ച ശുഷ്കാന്തിയും ഇസ്‌ലാമിക ചരിത്രത്തെ വസ്തുനിഷ്ഠമായ സത്യങ്ങളുടെ ഒരാധികാരിക രേഖയാക്കിത്തീർക്കുന്നതിൽ അനല്പമായ പങ്കു വഹിച്ചിട്ടുണ്ട്.

### വിവിധ ഘട്ടങ്ങൾ

ഇസ്‌ലാമിന്റെ ആഗമനം മുതൽ ആധുനികാനന്തര കാലഘട്ടം വരെ എത്തിനില്ക്കുന്ന ഇസ്‌ലാമിക ചരിത്രത്തെ സൗകര്യത്തിന് വേണ്ടി പ്രധാനമായും മൂന്ന് ഘട്ടങ്ങളായി തിരിക്കാവുന്നതാണ്. മുഹമ്മദ്നബിക്ക് പ്രവാചകത്വം ലഭിച്ചത് മുതൽ 18-ാം നൂറ്റാണ്ടിൽ മുസ്‌ലിം രാജ്യങ്ങളിൽ യൂറോപ്പ് സ്വാധീനം ചെലുത്താൻ തുടങ്ങുന്നത് വരെയുള്ള കാലമാണ് ഒന്നാം ഘട്ടം. ഇത് ഉത്ഥാനത്തിന്റെ യുഗമായി കണക്കാക്കപ്പെടുന്നു. യൂറോപ്യൻ കോളനിവൽക്കരണത്തിലൂടെ കടന്നുപോയി ഒടുവിൽ 20-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ സ്വതന്ത്ര മുസ്‌ലിം രാജ്യങ്ങൾ പിറവിയെടുക്കുന്നത് വരെയുള്ള അധഃപതന കാലമാണ് രണ്ടാം ഘട്ടം. 20-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സ്വതന്ത്ര മുസ്‌ലിം രാജ്യങ്ങൾ നിലവിൽ വന്നതിന് ശേഷമുള്ള വർത്തമാനകാല ചരിത്രമാണ് മൂന്നാമത്തെയും ഒടുവിലത്തെയും ഘട്ടം.

### (i) ഒന്നാം ഘട്ടം

ഇവയിൽ മുസ്‌ലിംകളുടെ ഉത്ഥാന കാലത്തെ ചില സവിശേഷതകളുടെ അടിസ്ഥാനത്തിൽ പിന്നെയും രണ്ട് ഉപഘട്ടങ്ങളായി തിരിക്കാവുന്നതാണ്. ഇസ്‌ലാമിന്റെ ആവിർഭാവം മുതൽ ബഗ്ദാദിന്റെ പതനം (656/1258) വരെയുള്ള ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും ശോഭനമായ കാലഘട്ടമാണ് അവയിൽ ആദ്യത്തേത്. മാനവരാശിക്ക് ഒരു പുതിയ ജീവിത സന്ദേശവും ജീവിതക്രമവും സംഭാവന ചെയ്ത പ്രവാചക ദൗത്യത്തിന്റെ 23 വർഷവും തുടർന്നുള്ള ഖിലാഫത്തുർറാശിദഃയുടെ 30 വർഷവും അസുലഭ മുഹൂർത്തങ്ങൾകൊണ്ട് ലോകചരിത്രത്തിൽതന്നെ വേറിട്ട് നില്ക്കുന്നു. ഇസ്‌ലാമിക ചരിത്രത്തിലെ സുവർണ കാലഘട്ടം എന്ന വിശേഷണം 100 ശതമാനവും ഈ കാലഘട്ടം അർഹിക്കുന്നുണ്ട്. തനിക്ക് പ്രവാചകത്വം ലഭിച്ചതിന് ശേഷമുള്ള 23 വർഷത്തെ നിതാന്തമായ പ്രവർത്തനങ്ങളിലൂടെ മനുഷ്യചരിത്രത്തിൽ തുല്യത ദർശിക്കാനാവാത്ത ഒരു മാതൃകാ സമൂഹത്തെ പ്രവാചകൻ സൃഷ്ടിക്കുകയും മദീനഃ ആസ്ഥാനമാക്കി സുശക്തമായ ഒരു രാഷ്ട്രത്തിന് അടിത്തറ പാകുകയും ചെയ്തു. കാലാതിവർത്തിയും സാർവ ലൗകികവുമായ ഒരാദർശ സംഹിതയുടെയും സാമൂഹിക മൂല്യങ്ങളുടെയും അടിത്തറയിലാണ് പ്രവാചകൻ തന്റെ രാഷ്ട്രം കെട്ടിപ്പടുത്തത്. അതിനാൽ അദ്ദേഹത്തിന്റെ മരണത്തിന് ശേഷം ചുരുങ്ങിയ കാലംകൊണ്ട് പ്രസ്തുത രാഷ്ട്രത്തിന്റെ അതിർത്തി ലോകത്തിന്റെ ഇതര ഭാഗങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ അനുയായികൾക്ക് സാധിച്ചു. പ്രവാചകന് ശേഷം യഥാക്രമം അബൂബക്ർ, ഉമർ, ഉഥ്മാൻ, അലി എന്നീ നാല് പ്രമുഖ ശിഷ്യന്മാരാണ് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭരണസാരഥ്യം വഹിച്ചത്. ഇവർ ഭരിച്ച 30 വർഷമാണ് ഖിലാഫത്തുർറാശിദഃയുടെ കാലഘട്ടമായി ചരിത്രത്തിൽ അറിയപ്പെടുന്നത്. ഒരു ജനതയുടെ ചരിത്രത്തിൽ 30 വർഷം വളരെ ഹ്രസ്വമായ ഒരു കാലഘട്ടമാണെങ്കിലും ഖിലാഫത്തുർറാശിദഃയുടെ 30 വർഷം ഇതര ജനതതികളുടെ നൂറ്റാണ്ടുകളെക്കാൾ മൂല്യവത്താണ്. അറേബ്യൻ ഉപദ്വീപിൽ ഒതുങ്ങിനിന്നിരുന്ന ഒരു സാധാരണ രാജ്യം ലോകത്തെ ഏറ്റവും വലിയ ശക്തിയായത് ഈ ചുരുങ്ങിയ കാലയളവിലാണ്. മനുഷ്യ നാഗരികതകൾ ഉദയംകൊണ്ട ഈജിപ്ത്, ഇറാഖ്, സിറിയ തുടങ്ങിയ രാജ്യങ്ങൾ ഈ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ രാഷ്ട്രീയ ശക്തിക്ക് കീഴിൽ വരികയും അവിടങ്ങളിൽ ഇസ്‌ലാമിക സംസ്കാരവും നാഗരികതയും പ്രഭ പരത്തുകയും ചെയ്തു. അദ്ഭുതകരമായ വേഗത്തിൽ അവിടത്തെ നിവാസികൾ ഇസ്‌ലാം സ്വീകരിക്കുകയും അവരുടെ ഭാഷ പോലും അറബിയായി മാറുകയും ചെയ്തു. ഇസ്‌ലാമിന്റെ ഉന്നതമായ ആദർശങ്ങളും മുസ്‌ലിംകളുടെ ഉദാത്തമായ ജീവിതചര്യകളുമാണ് ഈ മാറ്റങ്ങൾക്കെല്ലാം നിമിത്തമായത്. ആദർശാധിഷ്ഠിതമായ ഒരു രാഷ്ട്രീയ സാമൂഹിക വ്യവസ്ഥ വിജയകരമായി നടപ്പിലാക്കാൻ സാധിച്ചുവെന്നതാണ് ഖിലാഫത്തുർറാശിദഃയെ ഇസ്‌ലാമിക ചരിത്രത്തിലെ ഉത്തുംഗ സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ കാരണമായത്.

ഖിലാഫത്തുർറാശിദഃയുടെ പതനം ഇസ്‌ലാമിക ചരിത്രത്തിലെ ഒരു പ്രധാന വഴിത്തിരിവാണ്. ഇസ്‌ലാമിക ഖിലാഫത് രാജവാഴ്ചക്ക് വഴിമാറിക്കൊടുത്തതായിരുന്നു ആ വ്യതിയാനം. പിന്നീടൊരിക്കലും ഖിലാഫത് വ്യവസ്ഥ പൂർണാർഥത്തിൽ പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല എന്നത് ഈ വഴിത്തിരിവ് എത്രത്തോളം അഗാധമായിരുന്നുവെന്ന് വെളിപ്പെടുത്തുന്നു. ഖിലാഫത്തുർറാശിദഃക്ക് ശേഷം അധികാരത്തിൽ വന്ന ഉമവികളും അബ്ബാസികളും ഉഥ്മാനികളുമെല്ലാം അധികാരം അനന്തരാവകാശിക്ക് കൈമാറുന്ന രാജാധിപത്യ ഭരണവ്യവസ്ഥയാണ് സ്വീകരിച്ചത്. 41/661-ൽ അമീർ മുആവിയഃ അടിത്തറ പാകിയ ഉമവീ ഭരണകൂടം 132/750 വരെ ഏകദേശം 92 കൊല്ലം ഇസ്‌ലാമിക ലോകം ഭരിച്ചു. ഉമവീ കാലഘട്ടത്തിൽ ഇസ്‌ലാമിക ലോകത്തിന്റെ വിസ്തൃതി അതിന്റെ പാരമ്യത്തിലായിരുന്നു. അത്രയും വിസ്തൃതമായ ഒരു രാജ്യം അന്നോളം ലോകത്ത് ഒരു ജനതയും സ്ഥാപിച്ചിരുന്നില്ല. പേർഷ്യൻ-റോമൻ സാമ്രാജ്യങ്ങൾക്ക് പ്രതാപത്തിന്റെ ഉച്ചിയിലെത്തിയ കാലത്ത് പോലും ഇത്ര വിസ്തൃതിയുണ്ടായിരുന്നില്ല. ഏഷ്യയും ആഫ്രിക്കയും കടന്ന് യൂറോപ്പിൽ വരെ ഇസ്‌ലാമിക ഭരണകൂടം എത്തിയതും ഉമവികളുടെ ഭരണകാലത്താണ്. ഉമവികളുടെ ഭരണസംവിധാനവും പ്രതിരോധ സംവിധാനവും അക്കാലത്തെ ഏറ്റവും കിടയറ്റതായിരുന്നു. രാജവാഴ്ചയുടെ സഹജമായ തിന്മകൾ ഉണ്ടായിരുന്നുവെങ്കിലും ഇസ്‌ലാമിക മൂല്യങ്ങൾക്കായിരുന്നു ഉമവീ ഭരണത്തിലും സാമൂഹിക ജീവിതത്തിലും മുൻതൂക്കമെന്നത് അനിഷേധ്യമാണ്.

132/750-ൽ ഉമവീ ഭരണകൂടത്തെ അട്ടിമറിച്ചുകൊണ്ട് അബ്ബാസികൾ അധികാരത്തിൽ വന്നു. അബ്ബാസീ ഭരണത്തിന് രണ്ട് ഘട്ടമുണ്ടായിരുന്നു. 132/750 മുതൽ 247/861 വരെയുള്ള ഒന്നാം ഘട്ടം അബ്ബാസീ ഭരണത്തിന്റെ ഉത്ഥാന കാലഘട്ടമായിരുന്നു. അതിനുശേഷം അബ്ബാസീ കേന്ദ്രഭരണം ശിഥിലമാവുകയും സ്വതന്ത്രവും അർധ സ്വതന്ത്രവുമായ നിരവധി ഭരണകൂടങ്ങൾ ഇസ്‌ലാമിക ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നു വരികയും ചെയ്തു. മാവറാഅന്നഹ്റിലെ സാമാനീ ഭരണകൂടം (261/874-395/1005), ഇറാഖും പേർഷ്യയും ഭരിച്ച ബുവൈഹീ ഭരണകൂടം (330/934-447/1055), ഉത്തരാഫ്രിക്കയും ഈജിപ്തും ഭരിച്ച ഫാത്വിമീ ഭരണകൂടം (297/909-567/1171), ഇന്ത്യാ-പാക് ഉപഭൂഖണ്ഡത്തിലെ ഗസ്നി (366/976-582/1186), ഗൂറി (552/1157-602/1206) ഭരണകൂടങ്ങൾ, ഇസ്‌ലാമിക ലോകത്തിലെ വലിയൊരു ഭാഗം ഭരിച്ച സൽജൂഖീ ഭരണകൂടം (429/1037-552/1157), ഈജിപ്തും സിറിയയും ഭരിച്ച അയ്യൂബി ഭരണകൂടം (529/1174-648/1250) തുടങ്ങിയവ അബ്ബാസികളുടെ അധഃപതന കാലമായി അറിയപ്പെട്ട ദ്വിതീയ ഘട്ടത്തിൽ ഇസ്‌ലാമിക ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭരണം നടത്തിയവരാണ്. ഇവയിൽ മിക്കവാറും ഭരണകൂടങ്ങൾ അബ്ബാസീ ഭരണകൂടത്തിന്റെ നാമമാത്രമായ മേൽക്കോയ്മ അംഗീകരിച്ചിരുന്നുവെന്നതും വസ്തുതയാണ്.

സ്പെയ്നും മൊറോക്കോയും അബ്ബാസികളുടെ ഉത്ഥാന കാലഘട്ടത്തിലും അവരുടെ അധികാര സീമക്ക് പുറത്തായതിനാൽ അബ്ബാസീ ഭരണകൂടത്തിന് ഉമവീ ഭരണകൂടത്തിന്റെ അത്ര വിസ്തൃതിയുണ്ടായിരുന്നില്ല. മൊറോക്കോയിൽ അഗ്‌ലബികളും (184-296) സ്പെയ്നിൽ ഉമവികളു(138/756-422/1030)മാണ് തുടക്കത്തിൽ ഭരണം നടത്തിയിരുന്നത്. അവർക്കുശേഷം ബർബർ വംശജരായ മുറാബിത്വുകളും (453/1061-541/1147) മുവഹ്ഹിദുകളും (524/1130-667/1269) ഈ രാജ്യങ്ങൾ ഭരിച്ചു. തുടർന്നും ഒട്ടേറെ ബർബർ വംശജർ അവിടെ ഭരിച്ചിരുന്നു. എങ്കിലും മൊറോക്കോയും സ്പെയ്നും ഒഴികെ പടിഞ്ഞാറെ പാകിസ്താൻ മുതൽ ഖൈറവാൻ വരെ പരന്നുകിടക്കുന്ന ഇസ്‌ലാമിക ലോകമഖിലവും അബ്ബാസീ ഭരണകൂടത്തിന് കീഴിൽ തന്നെയായിരുന്നു. അബ്ബാസീ യുഗം ഇസ്‌ലാമിക നാഗരികതയും സംസ്കാരവും ഏറ്റവും ഉന്നതിയിലെത്തിയ കാലമാണ്. കലാ-സാഹിത്യ രംഗത്തും വൈജ്ഞാനിക-ശാസ്ത്ര രംഗത്തുമെല്ലാം ഈ കാലഘട്ടത്തിൽ മുസ്‌ലിംകൾ മറ്റെല്ലാ സമൂഹങ്ങളെയും ജനതകളെയും ബഹുദൂരം പിന്തള്ളി. അബ്ബാസീ കേന്ദ്രഭരണം ശിഥിലമായതിന് ശേഷം ഉയർന്നുവന്ന സ്വതന്ത്ര ഭരണകൂടങ്ങൾക്കും ഇസ്‌ലാമിക ചരിത്രത്തിലെ ശ്രദ്ധേയമായ ഒട്ടേറെ മുഹൂർത്തങ്ങൾ സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അവയിൽ, സുദീർഘമായ പോരാട്ടങ്ങളിലൂടെ സുൽത്വാൻ സ്വലാഹുദ്ദീനിൽ അയ്യൂബിയുടെ നേതൃത്വത്തിൽ ക്രി. 1189-ൽ മുസ്‌ലിംകൾ ബൈതുൽ മഖ്ദിസ് മോചിപ്പിച്ചത് ഇസ്‌ലാമിക ചരിത്രത്തിലെ ഐതിഹാസിക സംഭവങ്ങളിലൊന്നാണ്. ഖുദ്സിനെ ചൊല്ലി മുസ്‌ലിംകളും ക്രൈസ്തവ യൂറോപ്പും തമ്മിൽ നടത്തിയ യുദ്ധം കുരിശ് യുദ്ധം എന്ന പേരിലാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. ക്രി. 1096-1271 കാലയളവിൽ എട്ട് കുരിശുയുദ്ധങ്ങൾ നടക്കുകയുണ്ടായി. ഇവയിൽ പല യുദ്ധങ്ങളിലും നിർണായക വിജയം മുസ്‌ലിംകൾക്കായിരുന്നു. പാശ്ചാത്യർക്കും മുസ്‌ലിംകൾക്കുമിടയിൽ ഇപ്പോഴും നിലനില്ക്കുന്ന ശത്രുതയുടെ വേരുകൾ കുരിശു യുദ്ധങ്ങളിലാണ് ചെന്ന് നില്ക്കുന്നത്.

656/1258-ൽ താതാരികളുടെ ബഗ്ദാദ് അധിനിവേശത്തോടും ക്രി. 1492-ലെ മുസ്‌ലിം സ്പെയ്നിന്റെ പതനത്തോടും കൂടി ഇസ്‌ലാമിക ചരിത്രത്തിന്റെ സുപ്രധാനമായ ഒരു ഘട്ടത്തിന് തിരശ്ശീല വീണു. താതാരികളുടെ ബഗ്ദാദ് ആക്രമണവും സ്പെയ്നിൽ നിന്ന് മുസ്‌ലിംകൾ എന്നന്നേക്കുമായി പുറത്താക്കപ്പെട്ടതും ഇസ്‌ലാമിക ചരിത്രത്തിലെ ദുരന്തപൂർണമായ രണ്ടധ്യായങ്ങളാണ്. എന്നാൽ ഈ രണ്ട് ദുരന്തത്തോടുകൂടി ഇസ്‌ലാമിന്റെ രാഷ്ട്രീയ ശക്തി അവസാനിച്ചുപോയില്ല. ബഗ്ദാദിന്റെ തകർച്ചക്ക് ശേഷവും നാലര നൂറ്റാണ്ടു കാലം മുസ്‌ലിംകൾ പുരോഗതി പ്രാപിച്ചുകൊണ്ടേയിരുന്നു. 656/1258 മുതൽ 18-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ വരെ അഥവാ, യൂറോപ്യൻ ശക്തികൾ മുസ്‌ലിം ലോകത്ത് സ്വാധീനം നേടാൻ തുടങ്ങുന്നതുവരെ നീണ്ടുനില്ക്കുന്ന ഈ കാലഘട്ടം, മുസ്‌ലിം ഉത്ഥാനത്തിന്റെ രണ്ടാം ഉപഘട്ടമാണ്. ഇസ്‌ലാമിക രാജ്യങ്ങളെ ഒന്നൊന്നായി ഛിന്നഭിന്നമാക്കുകയും ബഗ്ദാദിൽ രക്തപ്രളയം സൃഷ്ടിക്കുകയും ചെയ്ത താതാരികൾ ഒടുവിൽ തങ്ങൾ പരാജയപ്പെടുത്തിയ വിഭാഗത്തിന്റെ മതം സ്വീകരിക്കുകയും ഇസ്‌ലാമിക ഭരണകൂടത്തിന്റെ സാരഥ്യം വഹിക്കുകയും ചെയ്ത ലോക ചരിത്രത്തിലെ തന്നെ അത്യപൂർവ സംഭവത്തിനും ഈ കാലഘട്ടം സാക്ഷിയായി. ചെങ്കിസ് ഖാന്റെ പുത്രനായ ഹുലാഗു ഖാൻ സ്ഥാപിച്ച ഈൽഖാനീ ഭരണകൂടത്തിലെ നകൂദാർ ഉഗ്ലനാണ് ആദ്യമായി ഇസ്‌ലാം സ്വീകരിച്ചതെങ്കിലും, അദ്ദേഹത്തിന്റെ പിൻഗാമികളിലൊരാളായ ഗാസർ ഖാൻ (694-703) ആണ് ഇസ്‌ലാമിനെ രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചത്. ഈൽഖാനീ ഭരണകൂടം ആ കാലഘട്ടത്തിലെ ഏറ്റവും വലിയ ഭരണകൂടങ്ങളിലൊന്നായിരുന്നു. ഇറാൻ, ഇറാഖ്, അഫ്ഗാനിസ്താൻ, കാക്കസസ്, കിഴക്കൻ അനാത്വൂലിയ എന്നിവയെല്ലാം അവരുടെ സാമ്രാജ്യത്തിന്റെ ഭാഗങ്ങളായിരുന്നു.

ഈൽഖാനീ ഭരണം അവസാനിച്ചതിന് ശേഷം അവിടങ്ങളിൽ അനേകം ചെറുഭരണങ്ങൾ ഉയർന്നുവന്നു. അവയിൽ ദക്ഷിണ ഇറാനിൽ മുളഫ്ഫർ കുടുംബവും ഇറാഖിൽ ജലായിർ കുടുംബവും ഉത്തര ഇറാനിൽ ഖറഖോയുൻലു ഗോത്രവും പൂർവ അനാത്വൂലിയയിൽ അഖ്ഖോയുൻലു  ഗോത്രവും സ്ഥാപിച്ച നാല് ഭരണകൂടങ്ങൾ പ്രത്യേക പരാമർശമർഹിക്കുന്നു. ഈ ചെറു ഭരണകൂടങ്ങളെല്ലാം ഒടുവിൽ മധ്യേഷ്യയിലെ തിമൂരീ ഭരണകൂടത്തിൽ ലയിക്കുകയാണുണ്ടായത്. തിമൂരീ ഭരണകൂട സ്ഥാപകനായ തിമൂർ ലോക ചരിത്രത്തിലെ ഏറ്റവും വലിയ പടയോട്ടക്കാരിൽ ഒരാളാണ്. ലോക ജേതാക്കളായ അലക്സാണ്ടർ, ചെങ്കിസ്ഖാൻ എന്നിവരുടെ സമശീർഷനായാണ് തിമൂർ എണ്ണപ്പെടുന്നത്.

ഇന്ത്യയിലും ഈജിപ്തിലും ഏതാണ്ട് ഒരേ കാലത്ത് അടിമകൾ അടിത്തറ പാകിയ ശക്തരായ രണ്ട് ഭരണകൂടങ്ങൾ നിലവിൽവന്നത് ഇസ്‌ലാമിക ചരിത്രത്തിലെ ശ്രദ്ധേയമായ സംഭവ വികാസങ്ങളിലൊന്നാണ്. ഇവയിൽ ഈജിപ്തിലെ ഭരണകൂടം മംലൂകുകൾ എന്നും ഇന്ത്യയിലേത് അടിമവംശം എന്നുമാണ് അറിയപ്പെട്ടത്. മംലൂക് രാജവംശത്തിലെ രണ്ട് ശാഖകൾ ഭരണം നടത്തി. 647/1250 മുതൽ 784/1382 വരെ ബഹ്‌രി മംലൂകുകളും 784/1382 മുതൽ ഹി. 922 വരെ ബുർജി മംലൂകുകളും.

ഗൂറീ സുൽത്വാനായ മുഹമ്മദ് ഗൂറിയുടെ അടിമയായിരുന്ന ഖുത്ബുദ്ദീൻ ഐബകാണ് ക്രി. 1206-ൽ ദൽഹിയിലെ അടിമ വംശ ഭരണത്തിന് അടിത്തറ പാകിയത്. ഇവർ ദൽഹി സുൽത്വാൻമാർ എന്നും അറിയപ്പെട്ടു. അടിമവംശത്തെത്തുടർന്ന് ഖൽജികളും തുഗ്‌ലഖുകളും സയ്യിദുകളും ലോധികളും ഇന്ത്യ ഭരിച്ചു. അവരുടെ അധഃപതനത്തെത്തുടർന്ന് ഒട്ടേറെ ചെറു ഭരണകൂടങ്ങളും ഇന്ത്യ ഭരിക്കുകയുണ്ടായി. 1526-ൽ മുഗളരുടെ ആഗമനത്തോടുകൂടിയാണ് ദൽഹി സൽത്വനത് പൂർണമായും തകർന്നത്.

ബഗ്ദാദിന്റെ തകർച്ചക്ക് ശേഷം ഉയർന്നുവന്ന ഏറ്റവും ശക്തവും ഇസ്‌ലാമിക ലോകത്തിന്റെ ഏതാണ്ട് പൂർണമായ പ്രാതിനിധ്യം അവകാശപ്പെടാൻ അർഹതയുള്ളതുമായ ഭരണം 687-ൽ ഉഥ്മാൻ ഖാൻ അടിത്തറ പാകിയ ഉഥ്മാനീ സാമ്രാജ്യമാണ്. ഉഥ്മാനിയ്യഃ സൽത്വനതിന് അതിന്റെ ഉത്ഥാന കാലത്ത് അറബികളുടെ സാമ്രാജ്യത്തോളം

വിസ്തൃതിയുണ്ടായിരുന്നു. ഭദ്രതയുടെ കാര്യത്തിലാകട്ടെ ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും സുഭദ്രമായ ഭരണകൂടമായിരുന്നു അത്. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും ദീർഘായുസ്സുള്ള ഭരണകൂടവും ഉഥ്മാനീ സൽത്വനതായിരുന്നു. 1288 മുതൽ 1700 വരെ പ്രതാപൈശ്വര്യങ്ങളോട് കൂടിയും 1700 മുതൽ 1924 വരെ ക്ഷയോന്മുഖമായ അവസ്ഥയിലും ഈ ഭരണം നിലനിന്നു. ഇസ്‌ലാമിക ചരിത്രത്തിലെ വിധിനിർണായകമായ അനേകം സംഭവ വികാസങ്ങൾക്ക് ചുക്കാൻ പിടിച്ചത് ഉഥ്മാനീ സാമ്രാജ്യമാണ്. ക്രി. 1453-ലെ കോൺസ്റ്റാന്റിനോപ്പിൾ വിജയം അവയിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. ഈ പട്ടണം കീഴടക്കാൻ മുസ്‌ലിംകൾ അമീർ മുആവിയഃയുടെ കാലത്താണ് ആദ്യശ്രമം നടത്തിയത്. അതിനുശേഷം അറബികളും തുർകികളും പല തവണ അതിന് ശ്രമിച്ചുനോക്കുകയുണ്ടായി. പക്ഷേ, റോമക്കാരുടെ യുദ്ധമികവോ മുസ്‌ലിംകളുടെ അനൈക്യമോ കാരണമായി വിജയം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഒടുവിൽ ഉഥ്മാനീ സുൽത്വാൻ മുഹമ്മദുൽ ഫാതിഹിനാണ് ആ ഭാഗ്യം കൈവന്നത്. 54 ദിവസത്തെ ഉപരോധത്തിന് ശേഷം 857/1453 മെയ് 29-ന് അദ്ദേഹം കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി. അങ്ങനെ റോമക്കാരുടെ 1100 വർഷം പഴക്കമുള്ള സാമ്രാജ്യം എന്നന്നേക്കുമായി നിലംപതിച്ചു. ''ദൈവം എനിക്ക് ഖൈസറിന്റെയും കിസ്‌റായുടെയും താക്കോലുകൾ തന്നിരിക്കുന്നു'' എന്ന നബിതിരുമേനിയുടെ പ്രവചനം സാക്ഷാത്കരിക്കപ്പെടുകയും ചെയ്തു. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്പുമായുള്ള കിടമത്സരത്തിൽ ഉഥ്മാനികൾക്ക് ക്ഷീണം സംഭവിച്ചതോടെ ഇസ്‌ലാമിക ചരിത്രത്തിലെ ഉത്ഥാന കാലഘട്ടത്തിന് തിരശ്ശീല വീഴാൻ തുടങ്ങി. എങ്കിലും ഉഥ്മാനീ സൽത്വനത് പിന്നെയും രണ്ട് നൂറ്റാണ്ട് കാലം നിലനിന്നു. 1924-ൽ അതാതുർക് ഇസ്‌ലാമിക ഖിലാഫത് ദുർബലപ്പെടുത്തിയതായി പ്രഖ്യാപിച്ചതോടെയാണ് ഉഥ്മാനീ സാമ്രാജ്യത്തിന് പൂർണ തിരശ്ശീല വീണത്.

തുർകികളുടെ ഉത്ഥാന കാലത്ത് തന്നെയാണ് 16-ാം നൂറ്റാണ്ടിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ തിമൂരി വംശജനായ ബാബർ മുഗൾ സാമ്രാജ്യത്തിന് അടിത്തറ പാകിയത്. ഉഥ്മാനീ സൽത്വനത് കഴിഞ്ഞാൽ ഇസ്‌ലാമിക ലോകത്തിലെ ഏറ്റവും വലിയ ഭരണകൂടം മുഗളരുടേതായിരുന്നു. 1526-ൽ സ്ഥാപിതമായ മുഗൾ സാമ്രാജ്യം 1707-ൽ ഔറൻഗസീബിന്റെ മരണത്തോടെ അധഃപതിക്കാൻ തുടങ്ങി. ഉഥ്മാനികളും മുഗളരും കഴിഞ്ഞാൽ ഇസ്‌ലാമിക ലോകത്തെ ഏറ്റവും വലിയ ഭരണകൂടം ക്രി. 1502 മുതൽ 1722 വരെ ഇറാൻ ഭരിച്ച സ്വഫവികളുടെ ഭരണകൂടമായിരുന്നു.

18-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ അവസാനിച്ച മുസ്‌ലിംകളുടെ ഈ ഉത്ഥാന കാലഘട്ടം ഒരു സഹസ്രാബ്ദത്തിലധികം കാലം നിലനില്ക്കുകയുണ്ടായി. ഇത്രയും സുദീർഘമായ ഒരു കാലം പുരോഗതിയുടെ പാതയിൽ നിരന്തരം സഞ്ചാരം നടത്താൻ ലോകത്ത് മറ്റൊരു ജനസഞ്ചയത്തിനും സാധിച്ചിട്ടില്ല. യവനരുടെ ഉത്ഥാന കാലം രണ്ട് നൂറ്റാണ്ടേ നീണ്ടുനില്ക്കുകയുണ്ടായുള്ളു. റോമക്കാർ ഒരു നൂറ്റാണ്ടു കാലമാണ് വൻശക്തിയായി നിലനിന്നത്. ആധുനിക യൂറോപ്പിന്റെ ഉത്ഥാനത്തിന് രണ്ട് നൂറ്റാണ്ട് മാത്രമേ പ്രായമായുള്ളൂ.

1000-ത്തിലധികം വർഷം നീണ്ടുനിന്ന മുസ്‌ലിംകളുടെ ഉത്ഥാനകാലം ക്രമേണ ക്ഷയിച്ചതിന്റെ കാരണം ബാഹ്യമെന്നതിലേറെ ആന്തരികമായിരുന്നുവെന്നതാണ് വസ്തുത. മുസ്‌ലിം ഉത്ഥാനത്തിന്റെ ആദ്യഘട്ടവും രണ്ടാം ഘട്ടവും തമ്മിൽ ഒരു താരതമ്യത്തിന് മുതിർന്നാൽ ഇക്കാര്യം വ്യക്തമാവും. ഒന്നാം ഘട്ടത്തിൽ ഭരിക്കുന്നവർ കൊള്ളരുതാത്തവരായ സന്ദർഭത്തിൽ പോലും ബഹുജനങ്ങളിൽ മതപരമായ ആവേശവും ചൈതന്യവും ശക്തമായിരുന്നു. അറബി ഭാഷ എല്ലായിടത്തും വ്യാപിച്ചു. ഇസ്‌ലാമിക ലോകം മുഴുവൻ പരസ്പരം ബന്ധപ്പെട്ടു. വിജ്ഞാന മേഖല ഏറെ പുരോഗതി പ്രാപിച്ചു. സ്വഹാബികൾക്കും താബിഈ പണ്ഡിതർക്കും പുറമേ ഇമാം അബൂഹനീഫഃ, ഇമാം മാലിക്, ഇമാം ശാഫിഈ, ഇമാം അഹ്മദ്, ബുഖാരി, മുസ്‌ലിം, തിർമിദി, ഗസ്സാലി, ഇബ്നുസീന, റാസി, ത്വബരി, മസ്ഊദി തുടങ്ങിയ ഇസ്‌ലാമിക ചരിത്രത്തിലെ കിടയറ്റ പണ്ഡിത കേസരികൾ ജീവിച്ചിരുന്ന കാലഘട്ടമാണിത്. മതം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, ഭൗതികം തുടങ്ങിയ എല്ലാ മേഖലകളിലും ഈ കാലത്ത് ഗ്രന്ഥരചന നടന്നു. മുസ്‌ലിംകളുടെ ധിഷണാ ശേഷിയുടെയും മൗലിക പ്രതിഭയുടെയും കാലമായിരുന്നു ഇത്. ലോകത്ത് മറ്റൊരു രാജ്യത്തിനും വൈജ്ഞാനിക മേഖലയിൽ ഇസ്‌ലാമിക ലോകത്തോട് കിടപിടിക്കാൻ കഴിയുമായിരുന്നില്ല.

രണ്ടാം ഘട്ടത്തിൽ രാഷ്ട്രീയ രംഗത്ത് മുസ്‌ലിംകൾക്ക് തന്നെയായിരുന്നു മികവ്. അവരുടെ ആധിപത്യ മേഖല മുൻപത്തെക്കാൾ വിസ്തൃതമായിരുന്നു. മുസ്‌ലിം സ്പെയ്ൻ മാത്രമേ അവർക്ക് നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നുള്ളൂ. അതിന് പകരം അതിനെക്കാൾ എത്രയോ മടങ്ങ് വലുപ്പമുള്ള ഇന്ത്യാ-പാക് ഉപഭൂഖണ്ഡവും കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായ തുർകിയും ലഭിക്കുകയും ചെയ്തു. റഷ്യയുടെ സിംഹഭാഗവും മുസ്‌ലിംകളുടെ അധീനതയിൽ വന്നു. ഇന്തോനേഷ്യയിലെ ഫലഭൂയിഷ്ഠമായ എല്ലാ ദ്വീപുകളിലും ഇസ്‌ലാമിന്റെ കൊടി പാറിക്കളിച്ചിരുന്നു. അതേസമയം മുസ്‌ലിംകളുടെ ഈ പുരോഗതി രാഷ്ട്രീയ നാഗരിക മേഖലകളിൽ മാത്രമേ കാണപ്പെടുകയുണ്ടായുള്ളൂ. ധാർമികമായും വൈജ്ഞാനികമായും ചിന്താപരമായും മുരടിപ്പ് അവരെ പിടികൂടിയിരുന്നു. വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, തത്ത്വശാസ്ത്രം, ഭൗതികശാസ്ത്രം തുടങ്ങിയ മേഖലകളിൽ ഗ്രന്ഥരചന നാമമാത്രമായേ നടക്കുകയുണ്ടായുള്ളൂ. മതവിഷയകമായി രചിക്കപ്പെട്ട ഗ്രന്ഥങ്ങളെല്ലാം മുൻ നൂറ്റാണ്ടുകളിൽ എഴുതപ്പെട്ടവയുടെ വിശദീകരണങ്ങൾ മാത്രമായിരുന്നു. പണ്ഡിതന്മാരിൽ അനുകരണഭ്രമം സാർവത്രികമായി. ഇജ്തിഹാദിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെട്ടു. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ മൗലിക പ്രതിഭകൾ ജന്മം കൊള്ളുക അപൂർവ പ്രതിഭാസം മാത്രമായിരിക്കും. ഇബ്നുതൈമിയ്യഃ, ഇബ്നുഖൽദൂൻ, മുജദ്ദിദ് അൽഫെഥാനി തുടങ്ങിയ അപൂർവ പ്രതിഭകൾ മാത്രമാണ് ഈ കാലഘട്ടത്തിൽ രംഗത്ത് വന്നത്. എന്നാൽ ഇതിനേക്കാളെല്ലാം ഗുരുതരം ധാർമിക രംഗത്തുള്ള മുസ്‌ലിംകളുടെ അപചയമായിരുന്നു. ബഗ്ദാദിന്റെ പതനത്തോടെയാരംഭിച്ച ഈ അപചയം 18-ാം നൂറ്റാണ്ടിൽ അതിന്റെ പാരമ്യത്തിലെത്തി. മുസ്‌ലിംകളുടെ ഏറ്റവും വലിയ ഭരണകൂടമായിരുന്ന ഉഥ്മാനിയ്യഃ സൽത്വനതിൽ അഴിമതിയും കൈക്കൂലിയും വ്യാപകമായി. സൈന്യം സുഖലോലുപതയുടെ പിടിയിലമർന്നു. പ്രഭുക്കളും ജാഗീർദാർമാരും പ്രജകളോട് അന്യായം കാണിച്ചു.

മുഗള സാമ്രാജ്യത്തിലും പ്രഭുക്കളും സൈന്യവും പ്രജകളും ഒരുപോലെ സുഖിയൻമാരായി മാറിയിരുന്നു. അക്ബറെ പോലുള്ളവരുടെ മതവിരുദ്ധ സമീപനങ്ങൾ സ്ഥിതി കൂടുതൽ വഷളാക്കി. പണ്ഡിതന്മാർ ഭരണാധികാരികളുടെ ദാസ്യവേലക്കാരായതോടെ ഭരണകൂടത്തിന്റെ കൊള്ളരുതായ്മകളെ ചോദ്യം ചെയ്യുവാൻ ആരുമില്ലെന്ന സ്ഥിതി വന്നു. ഔറൻഗസീബ് തന്റെ ഭരണകാലത്ത് സാമൂഹിക ജീർണതകൾ ദൂരീകരിക്കാൻ ഏറെ പണിപ്പെട്ടെങ്കിലും അലസരും സുഖലോലുപരുമായ ആളുകൾ അദ്ദേഹത്തെ എതിർത്തു. ഫലം ഔറൻഗസീബിന്റെ ബലിഷ്ഠമായ പിടിത്തം അയഞ്ഞപ്പോൾ ജീർണതകളെ തടഞ്ഞു നിർത്താൻ കഴിവുറ്റ ഒറ്റ വ്യക്തിയും രാജ്യത്തെങ്ങും ഇല്ലാതായി. സ്വഫവീ ഭരണത്തിൽ ഇറാന്റെയും അവസ്ഥ ഇതിൽനിന്ന് ഭിന്നമായിരുന്നില്ല.

മറുവശത്ത് മധ്യകാലഘട്ടത്തിലുടനീളം അജ്ഞാനാന്ധകാരത്തിൽ കഴിഞ്ഞുകൂടിയിരുന്ന പാശ്ചാത്യർ ഈ കാലത്ത് ഉറക്കം വിട്ടുണരുകയും ധൈഷണിക-വൈജ്ഞാനിക മേഖലകളിൽ അഭൂതപൂർവമായ മുന്നേറ്റം നടത്തുകയും ചെയ്തത് ഇസ്‌ലാമിക ലോകത്തിന്റെ തകർച്ചക്ക് കൂടുതൽ ആക്കം കൂട്ടി. അങ്ങനെ ലോക ചരിത്രത്തിൽ ആധുനിക യുഗത്തിന്റെ ആരംഭമായി മനസ്സിലാക്കപ്പെടുന്ന ഈ കാലഘട്ടം മുസ്‌ലിം ഉത്ഥാനത്തിന്റെ അവസാനവും യൂറോപ്യൻ ഉത്ഥാനത്തിന്റെ ആരംഭവുമായി കണക്കാക്കപ്പെടുന്നു.